**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5097** **20-07-2022 - ൽ മറുപടിയ്ക്ക്**

**സർവ്വേയർമാരുടെ സേവനം സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർവ്വേയർമാരുടെ സേവനം സമയബന്ധിതമായി ലഭ്യമാകാത്തത് കാരണം വിവിധതരം സർവ്വേ നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | റീസർവ്വെ പ്രവർത്തനങ്ങൾക്കും, സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായുള്ള സ്പെഷ്യൽ സർവ്വെ പ്രവർത്തനങ്ങൾക്കും, എൽ.ആർ.എം സംബന്ധിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിനും സർവെയർമാരുടെ സേവനം ആവശ്യമായി വരുന്നു. സ്പെഷ്യൽ സർവെ ജോലികൾക്കായി ജില്ലാ എസ്റ്റാബ്ലിഷ്മെന്റിലേക്കും, എൽ.ആർ.എം സംബന്ധിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിലേക്കായി വിവിധ താലൂക്കുകളിലേക്കും സർവെയർമാരെ ആവശ്യാനുസരണം റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകി വരുന്നു. ഭൂമി തരം മാറ്റൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പ കൽപ്പിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 133 സർവ്വെയർമാരെ നിയമിച്ചിട്ടുണ്ട്.<br><br>കൂടാതെ 07/09/2020 ലെ ബി1/267/2020-റവ നമ്പർ സർക്കുലർ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റിട്ടയർ ചെയ്ത റവന്യൂ ജീവനക്കാരേയും സർവ്വെ ജീവനക്കാരേയും താൽക്കാലികമായി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. |
| (ബി) | വിവിധ താലൂക്കുകളിൽ പത്തിലധികം വില്ലേജുകളിൽ വിവിധയിനം ജോലികൾ ചെയ്യാൻ ഒരു സർവ്വേയർ മാത്രമായതിനാൽ സേവനങ്ങൾ വൈകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ; | (ബി) | താലൂക്കടിസ്ഥാനത്തിൽ ജോലി ഭാരത്തിനനുസരിച്ചാണ് ഓരോ താലൂക്കിലും സർവെയർമാരെ നിയോഗിച്ച് വരുന്നത്. നിലവിൽ എൽ.ആർ.എം അപേക്ഷകളിന്മേലുള്ള നടപടികൾ താലൂക്കുകളിലെ ഭൂരേഖാ തഹസിൽദാരുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ച് വരുന്നു. പ്രസ്തുത ജോലികൾക്കായി ജില്ലാ കളക്ടർ ആവശ്യപ്പെടുന്ന മുറയ്ക്ക് സർവ്വെയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരെ അതത് താലൂക്കുകളിലേക്ക് നൽകി വരുന്നു. |
| (സി) | സർവ്വേയർമാരുടെ കാര്യത്തിൽ ഇപ്പോഴും ബ്രിട്ടീഷ് ഭരണകാലത്തെ സ്റ്റാഫ് പാറ്റേണാണ് | (സി) | സർവ്വെയും ഭൂരേഖയും വകുപ്പിൽ നിലവിൽ 3806 തസ്തികകളാണ് ഉള്ളത്. വിവിധ കാലങ്ങളിലായി |

| | | | |
|---|---|---|---|
| | തുടരുന്നതെന്ന കാര്യം ശരിയാണോ; വിശദമാക്കുമോ; | | സർവ്വെ പ്രവർത്തനങ്ങളുടെ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ ഓഫീസുകളുടെ എണ്ണവും, ജീവനക്കാരുടെ എണ്ണവും കാലാനുസൃതമായി പരിഷ്കരിച്ചിട്ടുള്ളതാണ്. |
| (ഡി) | സർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (ഡി) | നിലവിൽ സംസ്ഥാനത്തെ ഡിജിറ്റൽ റീസർവ്വെ ചെയ്യാനുള്ള 1550 വില്ലേജുകളുടെ സർവ്വെ 4 വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുള്ളതും, പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കൂടുതൽ ജീവനക്കാരെ ആവശ്യമായിട്ടുള്ളതിനാൽ 1500 സർവെയർമാരേയും, 3200 ഹെൽപ്പർമാരേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ